പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :8128

24.07.2012 - ൽ
മറുപടിയ്ക്ക്

## സിഡ്കോ വിതരണം ചെയ്ത ഡയറി സംബന്ധിച്ച വിശദാംശങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാന വ്യവസായവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സിഡ്കോ അച്ചടിച്ച് വിതരണം ചെയ്ത ഈ വർഷത്തെ ഡയറിയുടെ വിതരണ പട്ടിക, ആർക്കൊക്കെ, എത്ര വീതം, എന്നൊക്കെ വിതരണം ചെയ്തു, ആകെ എത്ര എണ്ണം അച്ചടിച്ചു, എന്നുള്ളവയുൾപ്പടെയുള്ള എല്ലാ വിശദാംശങ്ങളും സഹിതം ലഭ്യമാക്കുമോ;

: (എ) സിഡ്കോ, 2012 ൽ ആകെ അച്ചടിച്ച 16200 ഡയറികൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ യൂണിറ്റുകൾ, സിഡ്കോയുടെ ഉപഭോക്താക്കൾ | 10600 Nos. |
| സിഡ്കോ ഉദ്യോഗസ്ഥർ, തൊഴിലാളികൾ എന്നിവർക്ക് നൽകിയത് | 2050 Nos. |
| പരസ്യം നൽകിയ യൂണിറ്റുകൾക്ക് (Voucher copy) ഉൾപ്പെടെ | 2100 Nos. |
| വിവിധ സർക്കാർ വകുപ്പ് മേധാവികൾക്ക് | 250 Nos. |
| ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ചെയർമാൻ തുടങ്ങിയവർക്ക് | 500 Nos. |
| മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ | 200 Nos. |
| എം.എൽ.എ – മാർ | 420 Nos. |
| മൊത്തം | 16120 Nos. |

(ബി) പ്രസ്തുത ഡയറി അച്ചടിച്ചത് ഏതു സ്ഥാപനത്തിലാണ്; ആയതു സംബന്ധിച്ചുള്ള ടെൻഡർ, ക്വട്ടേഷൻ എന്നിവ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ; പ്രസ്തുത ഡയറി പ്രസിദ്ധീകരിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

: (ബി) പ്രസ്തുത ഡയറി പ്രിന്റ് ചെയ്യുന്നതിനായി പത്രം, വെബ്സൈറ്റ് എന്നിവ വഴി ക്വട്ടേഷൻ ക്ഷണിക്കുകയും അപ്രകാരം ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത തിരുവനന്തപുരത്ത് വഴുതക്കാടുള്ള

....2

M/s. Explicit Advertising Print Media എന്ന സ്ഥാപനത്തിന് ഡയറി പ്രിന്റിംഗിനുള്ള വർക്ക് ഓർഡർ നൽകുകയും ചെയ്തു. ഡയറി പ്രസിദ്ധീകരിച്ചതിന്റെ മുഴുവൻ ചുമതലയും മാനേജിംഗ് ഡയറക്ടർക്കാണ്.

സെക്ഷൻ ഓഫീസർ